**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എല്ലാ വിഭാഗം ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>i) 7655 കിലോമീറ്റർ ബാക്ക്ബോൺ, 27,386 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 375 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>ii) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5833 കുടുംബങ്ങളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br>iii) നിലവിൽ 32,379 വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>iv) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, NLD (National Long Distance) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br>v) 29,347 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 22,537 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>i) 7655 കിലോമീറ്റർ ബാക്ക്ബോൺ, 27,386 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 375 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>ii) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5833 കുടുംബങ്ങളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br>iii) നിലവിൽ 32,379 വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>iv) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, NLD (National Long Distance) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br>v) 29,347 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 22,537 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ 8386 സ്കൂളുകളിലും, 398 കോളേജുകളിലും, 103 ഐ.ടി.ഐ.-കളിലും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ഡി) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വേഗതയിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ? | (ഡി) | പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതു ജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. കെ-ഫോണിന്റെ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്നതിനായി 3435 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരെ (LNP) പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ